# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4262 — 25.06.2018 -ൽ മറുപടിക്ക്

### കേരളത്തിൽ രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരുടെ എണ്ണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി . പി. അയിഷാ പോറ്റി | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ എണ്ണം കൃത്യമായി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) കേരളത്തിലെ ഓരൊ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും രജിസ്റ്റർ ചെയ്യുന്നവരിൽ യഥാസമയം പുതുക്കാത്തവർ, ജോലി ലഭിച്ചവർ എന്നിവരെ ഒഴിവാക്കുന്നു. എന്നാൽ 2017 ജൂൺ മാസം മുതൽ കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെയും, രജിസ്ട്രേഷൻ നടപടികൾ 'ഇ — എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്' എന്ന ഓൺലൈൻ സോഫ്റ്റ് വെയർ മുഖേന ആയതിനാൽ രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണം സംബന്ധിച്ച് കൂടുതൽ സുതാര്യത വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ രജിസ്ട്രേഷൻ സമയത്ത് ഓരോ തൊഴിലന്വേഷകനും നൽകുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ കാർഡായ x-10 B യിൽ ജോലി ലഭിക്കുകയാണെങ്കിൽ അത് രജിസ്ട്രേഷൻ നിലവിലുള്ള എക്സ്ചേഞ്ചിൽ അറിയിക്കണമെന്ന നിർദ്ദേശ രേഖപ്പെടുത്തിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ച ലിസ്റ്റുകൾ വഴി നിയമനം നടത്തുന്ന ഉദ്യോഗദായകർ നിയമനം ലഭിച്ചവരുടെ വിവരങ്ങൾ 15 ദിവസത്തിനകം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കണമെന്നും നിയമം മൂലം അനുശാസിച്ചിട്ടുണ്ട്. കൂടുതൽ കൃത്യതയോടെ കേരളത്തിൽ രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെ എണ്ണം ലഭിക്കുന്നതിനായിയുള്ള കൂടുതൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് എംപ്ലോയബിലിറ്റി കേന്ദ്രങ്ങൾ ഉള്ളത്;പ്രസ്തുത | (ബി) സംസ്ഥാനത്ത് കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ജില്ലാ |

| | |
|---|---|
| കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ; | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്റർ പ്രവർത്തിച്ചു വരുന്നുണ്ട്. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്. എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയാണ് എംപ്ലോയബിലിറ്റി സെന്ററുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. |
| (സി) പ്രസ്തുത കേന്ദ്രങ്ങൾ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) നിലവിൽ സംസ്ഥാനത്തെ പത്ത് ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. സ്ഥലത്തിന്റെയും, ഫണ്ടിന്റെയും ലഭ്യതയനുസരിച്ച് വരും വർഷങ്ങളിൽ ശേഷിക്കുന്ന 4 ജില്ലകളിൽ കൂടി എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ